## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1254 | 03.10.2016-ൽ മറുപടിയ്ക്ക്

### പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ്

**ചോദ്യം** | **ഉത്തരം**

**ശ്രീ. ബി. സത്യൻ**

**ശ്രീ. പിണറായി വിജയൻ**
**(ബഹു. മുഖ്യമന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കേരള പി.എസ്.സി. അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണെന്നും ആയത് പ്രകാരമുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്നും, ആ ലിസ്റ്റിൽ നിന്നും എത്രപേർക്ക് സംവരണാടിസ്ഥാനത്തിലുൾപ്പെടെ നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് തസ്തികയി ലേക്ക് 28.09.2007-ലാണ് അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചത്. 20.12.2010-ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി നാലര വർഷം വരെ ദീർഘിപ്പിക്കുകയും, 20.06.2015-ന് റാങ്ക് ലിസ്റ്റ് റദ്ദാകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലില്ല. ഈ ലിസ്റ്റിൽ നിന്നും ആകെ 235 പേർക്ക് നിയമനം ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (ബി) | പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനായി ഒഴിവുകളൊന്നും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. മാത്രമല്ല, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ തസ്തികകൾ ഏകീകരിച്ച് ഒറ്റ തസ്തികയായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള- തിനാൽ, ഇത് സംബന്ധിച്ച് വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ മതിയായ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയൂ. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ സംയോജിപ്പിക്കുന്നതിനായി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇത് പൂർത്തിയായതിനു ശേഷം മാത്രമേ അതിനാനുപാതികമായി പഞ്ചായത്ത് വകുപ്പിലെ നിലവിലെ വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.<br><br>കൂടാതെ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010-2014-ലെ സീനിയോരിറ്റി ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.കളിൽ 13.05.2016 തീയതിയിലെ ഉത്തരവിൻ പ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>പ്രസ്തുത എസ്.എൽ.പി.കളിലെ അന്തിമവിധിയ്ക്ക് ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**